**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 130** **02-02-2024 - ൽ മറുപടിയ്ക്ക്**

**പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എട്ടുമാസ ഗർഭാവസ്ഥ മുതൽ പ്രസവത്തിന് ശേഷം മൂന്നുമാസം വരെയുള്ള പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ലക്ഷ്യം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എട്ടുമാസ ഗർഭാവസ്ഥ മുതൽ പ്രസവത്തിന് ശേഷം മൂന്നുമാസം വരെയുള്ള പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ക്ഷീരവികസന വകുപ്പിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഉരുക്കളുടെ ആരോഗ്യസംരക്ഷണവും, പാലുല്പാദനക്ഷമത വർദ്ധനവും കൂടാതെ അടുത്ത തലമുറയിലെ ഉരുക്കൾക്ക് രോഗ പ്രതിരോധശേഷിയും, സാഹചര്യങ്ങൾക്കനുസൃതമായി പൊരുത്തപ്പെട്ടുകൊണ്ട് ഉല്പാദനക്ഷമത നിലനിറുത്തുകയും ചെയ്യുന്നതിന് വേണ്ടിയാണ് ക്ഷീരവികസന വകുപ്പിൽ പ്രസ്തുത പദ്ധതി രൂപീകരിച്ചത്. 2023-24 സാമ്പത്തിക വർഷം ആരംഭിക്കുകയും സംസ്ഥാനത്തുടനീളമായി 800 പശുക്കൾക്ക് 144.36 ലക്ഷം രൂപ ധനസഹായം വകയിരുത്തുകയും ചെയ്തിട്ടുള്ള ഈ പദ്ധതി ക്ഷീരകർഷകർക്ക് വളരെയേറെ പ്രയോജനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതി നിലവിൽ 2 ജില്ലകളിലാണ് പരിക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. 8 മാസം ഗർഭാവസ്ഥ മുതൽ പ്രസവശേഷം 3 മാസം വരെയുള്ള ഉരുക്കൾക്ക് വേണ്ട പച്ചപ്പുൽ, വൈക്കോൽ, മിനറൽ മിക്സ്ച്ചർ, ക്യാത്സിയം സ്പ്ലീമെന്റ്, ഉരുക്കളുടെ ചികിത്സാ ധനസഹായം തുടങ്ങിയ ധനസഹായം എന്നിവയാണ് ഈ പദ്ധതിയിലൂടെ നൽകുന്നത്. ഈ സമയത്തുള്ള ശാസ്ത്രീയ തീറ്റക്രമം പാലുത്പാദന വർദ്ധനവും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുന്നു.<br><br>കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസസ് സർവ്വകലാശാല വാർഷിക പദ്ധതി 2021-22 കാലയളവിൽ നടപ്പിലാക്കിയ ക്ഷീര സമൃദ്ധി |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ 1000 ക്ഷീരകർഷകർക്കും വയനാട്ടിലും 303 ക്ഷീരകർഷകർക്കും തൃശ്ശൂരിലും ഗുണഭോക്താക്കളായിരുന്നു. ഈ കർഷകർക്ക് 7, 8, 9, മാസം ഗർഭിണികളായ പശുക്കളുടെ വറ്റുകാല സംരക്ഷണത്തിനായി പ്രത്യേകം കാലിത്തീറ്റ നൽകിയിരുന്നു. ഇതുപ്രകാരം ശരാശരി 25 k.g യിൽ കൂടുതലുള്ള ശരീരഭാരം പിറന്നുവീഴുന്ന കുഞ്ഞുങ്ങൾക്ക് ഉറപ്പുവരുത്തുക എന്നതായിരുന്നു ലക്ഷ്യം. ഇത്തരത്തിൽ ജനിച്ച കുട്ടികൾക്ക് ആദ്യ മൂന്നുമാസം പ്രത്യേക കന്നുക്കുട്ടി തീറ്റയായ calf starter നൽകുകയാണ് ലക്ഷ്യം. Calf starter (കാഫ് സ്റ്റാർട്ടർ) തീറ്റ നൽകുന്നത് പ്രസവ ശേഷം കന്നിപ്പാൽ നൽകി ശരീരതൂക്കത്തോടൊപ്പം വേണ്ട പാലും നൽകുകയും രണ്ടാമത്തെ ആഴ്ചമുതൽ calf starter(കാഫ് സ്റ്റാർട്ടർ) ആവശ്യാനുസരണവും നൽകിവന്നു. ഈ കുഞ്ഞുങ്ങൾക്ക് 400-500 ഗ്രാം ശരീരതൂക്കം ദിനം പ്രതി ലഭിക്കുകയും 3-4 മാസത്തിനു ശേഷം നിലവിലെ SLBP (പ്രത്യേക കന്നുകുട്ടിസംരക്ഷണ പദ്ധതി) പ്രകാരമുള്ള രീതിയിൽ തീറ്റ നൽകിയാൽ 12-13 മാസത്തിനുള്ളിൽ ബീജ ദാനത്തിന് സജ്ജമാകുന്ന രീതിയിൽ ശരീര തൂക്കം ലഭ്യമാവുകയും ചെയ്യും. ഈ പശുക്കൾ 22-23 മാസത്തിൽ ആദ്യ പ്രസവം എന്നതാണ് ഈ പദ്ധതിയുടെ ഒരു ലക്ഷ്യം. ഇപ്പോൾ ആദ്യ പ്രസവം 28-32 മാസത്തിലാണ്. ആദ്യ പ്രസവം നേരത്തെയാക്കുന്നത് വഴി പാലുത്പാദനം ശരാശരി 6 മാസം മുൻപ് ആരംഭിക്കുകയും 400 ദിവസത്തിന് ശേഷം രണ്ടാം പ്രസവവും പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇത് പാലുത്പാദാനം വർദ്ധിക്കാനും അനാവശ്യമായ കാലിത്തീറ്റ ചിലവ് കുറക്കുന്നത് വഴി കർഷകർക്ക് ലാഭം ലഭിക്കുന്നു. കേരളത്തിൽ ശരാശരി 4-4.5 ലക്ഷം ( 5 ലക്ഷം വരെ) പ്രസവങ്ങൾ കന്നുകാലികളിൽ നടക്കുന്നു. ഇതിൽ പകുതിയും പശുക്കുട്ടികൾ ആയി കണക്കാക്കിയാൽ ഈ പശുക്കുട്ടികൾക്ക് 'ക്ഷീര സമൃദ്ധി' പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ പരിചരണം നൽകിയാൽ കേരളത്തിനാവശ്യമായ ആരോഗ്യമുള്ള കിടാരികളെ ഈ സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിക്കുവാനും അന്യ സംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ വാങ്ങുന്നത് വഴിയുള്ള സാമ്പത്തിക ചോർച്ചയും വിവിധ തരം രോഗങ്ങളുടെ വരവ് തടയുവാനും, യോജിച്ച പശുക്കളെ കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കാനും സാധിക്കുമെന്നത് ക്ഷീര സമൃദ്ധി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളാണ് |
| (ബി) | ഉരുക്കളെ വാങ്ങുന്നതിനും ഡയറി ഫാമുകളുടെ ആധുനികവൽക്കരണത്തിനും പ്രത്യേക പദ്ധതി നിലവിലുണ്ടോ; കറവയന്ത്രം വാങ്ങുന്നതിനും | (ബി) | നിലവിൽ ഫാമുകളുടെ ആധുനികവത്കരണത്തിനും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണത്തിനും പ്രത്യേക പദ്ധതികൾ |

| | | | |
|---|---|---|---|
| | തൊഴുത്ത് നിർമ്മാണത്തിനും പദ്ധതിയുടെ ഭാഗമായി ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഇതിലൂടെ ക്ഷീര വികസന മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ? | | ക്ഷീരവികസന വകുപ്പ് മുഖേനെ നടപ്പിലാക്കുന്നുണ്ട്. ഇതിലേയ്ക്കായി 6.84 കോടി രൂപ വകയിരുത്തിട്ടുണ്ട്.<br><br>ക്ഷീരമേഖലയിൽ പരമ്പരാഗതമായി അനുവർത്തിച്ചിരുന്ന രീതികൾ മാറ്റി കൊണ്ട് ആധുനിക സംവിധാനങ്ങളോട്ടു കൂടിയ പശുപരിപാലനം ആണ് ക്ഷീരവികസന വകുപ്പ് പ്രോത്സാഹിപ്പി ക്കുന്നത്. പലവിധമായ ഗുണഗണങ്ങൾ ലഭിക്കുന്ന ആധുനിക പശുപരിപാലനത്തിനനുസൃതമായിട്ടാണ് വകുപ്പ് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്. പാലുല്പാദന വർദ്ധനവ് , ഉല്പാദകനും ഗുണഭോക്താവിനും ഒരുപോലെ ഗുണമേന്മയുള്ള പാൽ ലഭ്യമാക്കൽ, പശുക്കളുടെ ആരോഗ്യ സംരക്ഷണം, പാലുല്പാദന ചെലവ് കുറയ്ക്കൽ, പശുക്കളുടെ പ്രത്യുല്പാദനശേഷി വർദ്ധിപ്പിക്കൽ, അവയുടെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കൽ ഇവയെല്ലാമാണ് ക്ഷീരവികസന വകുപ്പിന്റെ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ. |

സെക്ഷൻ ഓഫീസർ